# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.*85 — 09.08.2017 ൽ- മറുപടിയ്ക്ക്

# സാംസ്കാരിക രംഗത്തെ ശക്തിപ്പെടുത്താൻ നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| പ്രൊഫ. കെ.യു. അരുണൻ<br>ശ്രീ. രാജു എബ്രഹാം<br>ശ്രീ. പുരുഷൻ കടലുണ്ടി<br>ശ്രീ. എം. രാജഗോപാലൻ : | **ശ്രീ.എ.കെ.ബാലൻ**<br>**പട്ടികജാതി പട്ടികവർഗ്ഗ**<br>**പിന്നോക്കസമുദായക്ഷേമവും**<br>**നിയമവും സാംസ്കാരികവും**<br>**പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി** |
| എ) വർഗ്ഗീയ ശക്തികൾ സാംസ്കാരിക രംഗത്ത് നടത്തുന്ന അധിനിവേശം ചെറുക്കാനായി സാംസ്കാരിക വകുപ്പ് ഏതൊക്കെ തരത്തിലുള്ള ഇടപെടലുകൾ നടത്തുന്നുണ്ടെന്ന് അറിയിക്കാമോ: | എ) വർഗ്ഗീയ ശക്തികൾ സാംസ്കാരിക രംഗത്ത് നടത്തുന്ന അധിനിവേശം ചെറുക്കാനായി സാംസ്കാരിക രംഗത്ത് പ്രവർത്തിക്കുന്ന എല്ലാ സർക്കാർ സ്ഥാപനങ്ങളും ഇടപെടത്തക്ക രീതിയിൽ സാംസ്കാരിക സ്ഥാപനങ്ങളെ പ്രാപ്തമാക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചു വരുന്നു. വർഗ്ഗീയ ശക്തികൾക്കെതിരെ അവബോധമുണ്ടാക്കുന്നതിനും ശാസ്ത്രീയമായി ചിന്തിക്കാൻ കുട്ടികളെയും മുതിർന്നവരെയും പ്രേരിപ്പിക്കുന്നതിന് ഉതകുന്ന സെമിനാറുകളും പ്രഭാഷണ പരമ്പരകളും പുസ്തക പ്രസിദ്ധീകരണങ്ങളും സാംസ്കാരിക സ്ഥാപനങ്ങൾ വഴി നടപ്പിലാക്കി വരുന്നു. വർഗ്ഗീയശക്തികൾ സാംസ്കാരിക രംഗത്ത് നടത്തുന്ന അധിനിവേശം തടയുന്നതിനും ജനാധിപത്യത്തിന് അനിവാര്യമായ സാമുദായിക - സാമൂഹ്യ അഭേദം പരിപോഷിപ്പിക്കുന്നതിനും മാനവികതയ്ക്കും നവോത്ഥാന മൂല്യങ്ങൾക്കുമെതിരെ പ്രതിലോമ ശക്തികൾ നടത്തുന്ന കടന്നാക്രമണങ്ങൾ പ്രതിരോധിക്കുവാൻ സാംസ്കാരിക സ്ഥാപനങ്ങൾ മുൻകൈയെടുത്ത് തുടങ്ങിയിട്ടുണ്ട്. അതിന്റെ ആദ്യ പടിയായാണ് നമുക്ക് ജാതിയില്ല എന്ന ശ്രീനാരായണഗുരു വിളംബരത്തിന്റെ 100-ാം വാർഷികം വിവിധ |

സാംസ്കാരിക സ്ഥാപനങ്ങളെ ഉൾപ്പെടുത്തി ആഘോഷിക്കാൻ സർക്കാർ മുൻകൈയെടുത്തത്. ഈ പരിപാടി സംസ്ഥാനമൊട്ടാകെ 6000-ഓളം സ്ഥലങ്ങളിൽ സംഘടിപ്പിച്ചിട്ടുണ്ട്. മതേതര സംസ്കാരം മുഖമുദ്രയാക്കിയ നമ്മുടെ സമൂഹത്തെ അതിന്റെ അർത്ഥ വ്യാപ്തി മുഴുവൻ ഉൾക്കൊള്ളുന്ന രീതിയിലും വെല്ലുവിളികളെ നേരിടാൻ പ്രാപ്തമാക്കുന്നതിനും സാഹിത്യ സാംസ്കാരിക സ്ഥാപനങ്ങളെ മുന്നോട്ട് കൊണ്ട് പോകാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

ബി) അടിസ്ഥാനാവശ്യങ്ങളായ ഭക്ഷണം, വസ്ത്രധാരണം തുടങ്ങിയ മേഖലകളിൽ മാത്രമല്ല കുടുംബ ബന്ധങ്ങളിൽ വരെ കേന്ദ്ര ഭരണം ഉപയോഗിച്ച് നിയന്ത്രണവും പെരുമാറ്റചട്ടങ്ങളും ഏർപ്പെടുത്താനുള്ള ശ്രമം ചെറുക്കാനായി സാംസ്കാരിക രംഗത്തെ ശക്തിപ്പെടുത്തുവാൻ നടപടി സ്വീകരിയ്ക്കുമോ;

ബി) ഭക്ഷണം, വസ്ത്രധാരണം, കുടുംബബന്ധങ്ങൾ എന്നിവയെ സംബന്ധിച്ച് പെരുമാറ്റ ചട്ടങ്ങളും നിയന്ത്രണങ്ങളും ചെറുക്കാൻ ബോധവൽക്കരണം ഉണ്ടാകും വിധം ഫാസിസ്റ്റ് വിരുദ്ധ മനോഭാവം സമൂഹത്തിൽ സൃഷ്ടിക്കുന്നതിനായി കലാ സാഹിത്യ മേഖലകളിൽ സ്ഥാപനങ്ങൾ നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. മതാതീതവും മാനവികവുമായ കേരളീയ സാംസ്കാരിക കാഴ്ചപ്പാടിനെ തെറ്റിദ്ധരിപ്പിച്ച് സംഘടിത രാഷ്ട്രീയ ശക്തികൾ മതതീവ്രവാദത്തിന് വിനിയോഗിക്കുന്ന വർത്തമാനകാല സാഹചര്യത്തിൽ സ്ഥിതി സമത്വത്തിന്റെയും മതേതരത്വത്തിന്റെയും ആവശ്യകത തിരിച്ചറിഞ്ഞ് സർക്കാരിന്റെ നേതൃത്വത്തിൽ ജാതീയ ഉച്ച നീചത്വങ്ങളെ ഇല്ലാതാക്കുവാനും സമൂഹത്തിൽ സമത്വവും സാഹോദര്യവും നിലനിർത്തുവാനും പരിപാടികൾ ആവിഷ്ക്കരിക്കുന്നുണ്ട്. സഹോദരൻ അയ്യപ്പൻ ആരംഭിച്ച പന്തിഭോജനത്തിന്റെ 100-ാം വാർഷികം എല്ലാ ജില്ലകളിലും ആഘോഷിക്കുകയുണ്ടായി.

സി) ഭൂരിപക്ഷ-ന്യൂനപക്ഷ ഛിദ്രശക്തികൾക്ക് വിധേയമായി പ്രവർത്തിക്കാത്ത എഴുത്തുകാർക്കും സാംസ്കാരിക രംഗത്തുള്ളവർക്കുമെതിരെ ഭീഷിണി ഉയർത്തുന്നതിനെ

സി) & ഡി) ഭൂരിപക്ഷ - ന്യൂനപക്ഷ ഛിദ്രശക്തികൾക്ക് വിധേയമായി പ്രവർത്തിക്കാത്ത എഴുത്തുകാർക്കും സാംസ്കാരിക രംഗത്തുള്ളവർക്കും ഐക്യദാർഢ്യം പ്രഖ്യാപിച്ചു കൊണ്ട് വിവിധ സാംസ്കാരിക സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ഛിദ്രശക്തികൾക്കെതിരെ അവബോധമുളവാ

പ്രതിരോധിക്കാനായി ഏതു വിധത്തിലുള്ള ഇടപെടലുകൾ സാധിക്കുമെന്ന് അറിയിക്കാമോ;

ഡി) ഹിന്ദുത്വമാണ് ദേശീയതയെന്ന് പ്രഖ്യാപിച്ചുകൊണ്ട് കുടുംബ പ്രബോധനമെന്ന പേരിൽ ഭവന സന്ദർശനം വഴി ജനങ്ങളിൽ ഭീതിയുണർത്തി അവരെ ഫാസിസത്തിന്റെ ഇരകളോ പങ്കാളികളോ ആക്കിമാറ്റാനുള്ള വിദ്രോഹ ശക്തികളുടെ നീക്കത്തെ ആശയപരമായി നേരിടുന്നതിന് സാംസ്കാരിക വകുപ്പ് എന്തെങ്കിലും പരിപാടി ആവിഷ്കരിച്ചിട്ടുണ്ടോ എന്നറിയിക്കാമോ?

ക്കുന്ന തരത്തിൽ പ്രതിരോധ സാംസ്കാരിക പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്. ശ്രീ. എം.ടി. വാസുദേവൻ നായർ, സംവിധായകൻ ശ്രീ. കമൽ എന്നിവർക്കെതിരായി ഉണ്ടായ വർഗ്ഗീയ വാദികളുടെ ഭീഷണിയെ സർക്കാർ ഗൗരവത്തിൽ വിലയിരുത്തിയിട്ടുണ്ട്. സാംസ്കാരിക രംഗത്ത് ഏത് മതത്തിൽ പ്പെട്ടവരാണെങ്കിലും, വർഗ്ഗീയ വിദ്വേഷം കലർത്തുന്ന നടപടി ഉണ്ടായാൽ ശക്തമായ നടപടികൾ സ്വീകരിക്കുന്നതാണ്. കേരളത്തിൽ നാനാജാതി മതസമൂഹങ്ങൾ ഒത്തൊരുമ യോടെയും സൗഹാർദ്ദപരമായും ആണ് ജീവിച്ച് പോരുന്നത്. ഈ സാമൂഹികാന്തരീക്ഷം മറ്റിതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് ജീവിത സൂചികകളിലും, ആരോഗ്യം, വിദ്യാഭ്യാസം എന്നീ മേഖലകളിലും വലിയ വളർച്ച കൈവരിക്കാൻ കേരളത്തിന് കഴിഞ്ഞിട്ടുണ്ട്. ജാതി-മത സംഘർഷങ്ങൾ താരതമ്യേന കുറവാണ് സംസ്ഥാനത്ത്. ഈ സൗഹാർദ്ദ അന്തരീക്ഷം വികസനത്തിന് അത്യന്താപേക്ഷിതമാണ്. എന്നാൽ ഏതെങ്കിലും ഒരു മതം മറ്റൊരു മതത്തേക്കാൾ മികച്ചതാണെന്ന രീതിയിൽ വർഗ്ഗീയ പ്രചരണം ആര് തന്നെ നടത്തിയാലും സർക്കാർ അതിനെ കർശനമായി നേരിടുന്നതാണ്. ഭവന സന്ദർശനം വഴി ഹിന്ദുത്വ പ്രചാരണം നടത്തി, അതുവഴി മറ്റ് മതങ്ങളെ ആക്ഷേപിക്കുന്ന പ്രചാരണം നടക്കുന്നതായോ ശ്രദ്ധയിൽ പെട്ടാൽ കർശന നടപടി സ്വീകരിക്കുന്നതാണ്.

(signature)

**സെക്ഷൻ ഓഫീസർ**